**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 226 11.06.2012 -ൽ മറുപടിയ്ക്ക്**

**<u>പടയംകണ്ടി രവീന്ദ്രന്റെ അറസ്റ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ടി. പി. ചന്ദ്രശേഖരന്റെ വധക്കേസിൽ ശ്രീ പടയംകണ്ടി രവീന്ദ്രനെ മേയ് 14 ന് വൈകിട്ട് പോലീസ് കസ്റ്റഡിയിലെടുത്തിരുന്നുവോ ; | എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിലെ അഞ്ചാം പ്രതി ശ്രീ പടയംകണ്ടി രവീന്ദ്രനെ ചോദ്യം ചെയ്യാൻ 14.05.2012 - ന് വൈകുന്നേരം 5 മണിക്ക് പോലീസ് നോട്ടീസ് നൽകി വിളിപ്പിച്ചിട്ടുണ്ട്. |
| ബി) പടയംകണ്ടി രവീന്ദ്രനെ പോലീസ് കോടതിയിൽ ഹാജരാക്കിയത് എപ്പോഴായിരുന്നു ; | ബി) 16.05.2012-ന് ഉച്ചയ്ക്ക് 2 മണിയോടെ ബഹു. കുന്നമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി മുമ്പാകെ ഹാജരാക്കി. |
| സി) രവീന്ദ്രനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | സി) ശ്രീ രവീന്ദ്രനെ ഡോക്ടർ മുമ്പാകെ വൈദ്യപരിശോധനയ്ക്ക് ഹാജരാക്കിയപ്പോഴോ 19.05.2012, 28.05.2012 എന്നീ തീയതികളിൽ പോലീസ് കസ്റ്റഡി കഴിഞ്ഞ് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയപ്പോഴോ ടിയാനെ പോലീസ് മർദ്ദിച്ചതായി യാതൊരു പരാതിയും ഡോക്ടർ മുമ്പാകെയോ ബഹു. കോടതി മുമ്പാകെയോ പറഞ്ഞിട്ടില്ല. എന്നാൽ പോലീസ് കസ്റ്റഡി കഴിഞ്ഞ് 28.05.2012 മുതൽ 30.05.2012 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞതിനു ശേഷം, 30.05.2012 - ന് റിമാന്റ് കാലാവധി ദീർഘിപ്പിക്കുന്നതിനായി കോടതിയിൽ ഹാജരാക്കിയ വേളയിൽ. ടിയാൻ പോലീസ് മർദ്ദിച്ചതായ ആരോപണം ഉന്നയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ